(ഐ) ഇല്ല. എന്നാൽ ഉപയോഗശൂന്യമായ റേഷനരിയുടെ വില കോർപ്പറേഷന്റെ കണക്കുകളിൽനിന്നും എഴുതിത്തള്ളണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ജെ) ഇത് പരിശോധിച്ചുവരികയാണ്.

(കെ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വിതരണം ചെയ്യുന്നതിന് ഗുണനിലവാരമുള്ള അരി മാത്രം നൽകുവാനും ഗുണനിലവാരമില്ലാത്ത അരി എവിടെയെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ അത് തിരിച്ചെടുക്കാനും എഫ്. സി.ഐ. യോട് നിർദ്ദേശിക്കാൻ കേന്ദ്ര സർക്കാരിനോടേ ആവശ്യപ്പെട്ടിട്ടുണ്ട്.

17 (*466) ടൂറിസം മാസ്റ്റർ പ്ലാൻ

ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന് അനുയോജ്യമായ ഒരു ടൂറിസം മാസ്റ്റർ പ്ലാനിന് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾക്ക് ലോക ബാങ്ക് സഹായം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)&(ബി) സംസ്ഥാനത്തൊട്ടാകെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളെയെല്ലാം ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരൊറ്റ മാസ്റ്റർ പ്ലാൻ നിലവിലില്ല. 1996-ൽ ഒരു മാസ്റ്റർ പ്ലാൻ തയാറാക്കുന്നതിനായി വിദഗ്ദ്ധ ഏജൻസികളുമായി ചർച്ച നടത്തുകയുണ്ടായി. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഭീമമായ തുകയാണ് ഫീസ് ഇനത്തിൽ അവർ ആവശ്യപ്പെട്ടത്. പദ്ധതികളുടെ നടത്തിപ്പിനായുള്ള ബജറ്റിലെ ഗണ്യമായ ഭാഗവും ഫീസ് ഇനത്തിൽ ചെലവാക്കുക എന്നത് നല്ല കീഴ്വഴക്കമല്ലാത്തതിനാൽ അത് അംഗീകരിക്കുകയുണ്ടായില്ല. സംസ്ഥാന ടൗൺ പ്ലാനിംഗ് വകുപ്പുമായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം ആലോചിച്ചുവരികയാണ്. ഇതിനായി കാത്തിരിക്കാതെതന്നെ സംസ്ഥാനത്തൊട്ടാകെ അതതു പ്രദേശത്തിന്റെ പ്രാധാന്യവും സാധ്യതകളും കണക്കിലെടുത്ത് അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ ആസൂത്രണംചെയ്ത് അവ നടപ്പിലാക്കിവരികയാണ്. ഈ രംഗത്തെ ഏറ്റവും മികച്ച പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര ഗവൺമെന്റിന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തേയ്ക്കുള്ള അവാർഡ് കേരളത്തിനാണ് ലഭിച്ചത് എന്ന കാര്യവും പ്രത്യേകം പ്രസ്താവ്യമാണ്.

18 (*467) വൃദ്ധജന സംരക്ഷണം

ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. വി. ബാലറാം :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വൃദ്ധരുടെ സംഖ്യ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരുടെ ആരോഗ്യ സംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ;

(സി) വൃദ്ധ ജനങ്ങൾക്കുവേണ്ടി ഒരു നയം രൂപീകരിക്കാനുള്ള 1997 ലെ നയപ്രഖ്യാപനത്തെത്തുടർന്ന് ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് സംസ്ഥാനങ്ങൾ പദ്ധതി തയ്യാറാക്കി സമർപ്പിച്ചാൽ ഇത് പരിഗണിക്കുമെന്ന കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ പദ്ധതി എന്തെങ്കിലും കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) ഇവരുടെ സംരക്ഷണത്തിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ജി) ഇവരുടെ പ്രശ്നം സംബന്ധിച്ച് സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) ഇതിനായി കേന്ദ്ര സഹായം ലഭ്യമാകത്തക്കവിധം വിശദമായ പ്രോജക്റ്റ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃദ്ധജനങ്ങൾക്കു വേണ്ടി മെഡിസിൻ വിഭാഗത്തിന്റേയും ഫിസിക്കൽ മെഡിസിൻ വിഭാഗത്തിന്റേയും ആഭിമുഖ്യത്തിൽ ജറിയാട്രിക്സ് ക്ലിനിക് നടത്തുന്നുണ്ട്. ജറിയാട്രിക്, ഡയബറ്റിക്, കാർഡിയോളജി, ന്യൂറോളജി എന്നിവയുമായി ബന്ധപ്പെട്ട ആരോഗ്യപരിപാലനം ആവശ്യമായതിനാൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഇത്തരം ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഒരു ഡോക്ടർ, ഒരു ഹെഡ് നഴ്സ്, ഒരു സ്റ്റാഫ് നഴ്സ്, ഒരു നഴ്സിംഗ് അസിസ്റ്റന്റ്, ഒരു ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2 എന്നിവരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ആവശ്യമുള്ള മരുന്നുകളും ഗവൺമെന്റ് അനുവദിച്ചിട്ടുള്ള ഡയറ്റും നൽകുന്നുണ്ട്.

(സി) 1998-99 സാമ്പത്തിക വർഷത്തിൽ 5 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നു. ജനറൽ ആശുപത്രി, തിരുവനന്തപുരത്ത് യൂണിറ്റ് തുടങ്ങുന്നതിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. 1999-2000 സാമ്പത്തിക വർഷത്തിലും 5 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അത് ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിനും യൂണിറ്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും ചെലവഴിച്ചു.

(ഡി) ഇത്തരം നിർദ്ദേശമൊന്നും കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടില്ല.

(ഇ)&(എഫ്) ഇല്ല.

(ജി)&(എച്ച്) ഇപ്പോൾ പരിഗണനയിൽ ഇല്ല.

19 (*468) ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly